മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# മണ്ണുസംരക്ഷണദിനം ആചരിച്ചു

**കോയമ്പത്തൂർ ►** കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻ.വി.എസ്. കേന്ദ്രത്തിൽ ലോക മണ്ണുദിനാചരണം നടത്തി.

എൻ.വി.എസ്. ഗ്രൂപ്പ് കോ-ഓർഡിനേറ്റർ എസ്. സെന്തിൽകുമാർ ഉദ്ഘാടനംചെയ്തു.

എൻ.വി.എസ്. മേധാവി ഡോ. കണ്ണൻവാര്യർ മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യയിൽ മണ്ണൊലിപ്പിലൂടെ പ്രതിവർഷം 53,340 ലക്ഷം ടൺ മണ്ണാണ് നഷ്ടമായിക്കൊണ്ടിരിക്കുന്നതെന്നും ഭൂമിയിലെ 33 ശതമാനം മണ്ണും ഇപ്പോൾ ഉപയോഗശൂന്യമായെന്നും ഈ സ്ഥിതി തുടർന്നാൽ 2050-ൽ 50 ശതമാനത്തോളം മണ്ണ് നാശോന്മുഖമായിത്തീരുമെന്നും അദ്ദേഹം പറഞ്ഞു.

245. News in Mathrubhumi, 05.12.2020, Palakkad, Digital Observance of World Soil Day 2020 by IFGTB ENVIS.